**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5176** **12-08-2021 - ൽ മറുപടിയ്ക്ക്**

**വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡിന്റെ സ്ഥലം അടയാളപ്പെടുത്തുന്നതിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വടകര വില്ല്യാപ്പള്ളി ചേലക്കാട് റോഡിന്റെ നിർമ്മാണത്തിനായി 58.299 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയ പദ്ധതി റിപ്പോർട്ട് പ്രകാരം ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് സർവേയർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാകുന്നതിനാൽ തുടർ നടപടികൾ കൈക്കൊള്ളേണ്ടത് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി ആണ്. കെ.ആർ.എഫ്.ബി ആവശ്യപ്പെടുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി, സർവേയർ മാരുടെ സേവനം അടക്കമുള്ള സഹായം വിട്ടുനൽകുന്നതിന് കിഫ്ബിയുടെ ലാൻഡ് അക്വിസിഷൻ യൂണിറ്റിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതല എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡിനാണ്. |

സെക്ഷൻ ഓഫീസർ